ഉത്തരം

(എ) സൗജന്യറേഷൻ, നഷ്ടപ്പെട്ട മത്സ്യബന്ധന ഉപകരണങ്ങൾക്ക് പകരം മത്സ്യബന്ധന ഉപകരണങ്ങൾ നൽകുക, മത്സ്യത്തൊഴിലാളികളുടെ മക്കൾക്കളായ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് കുടിശ്ശിക നൽകുക, അപകടത്തിൽ മരിച്ച മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് തുകയും ധനസഹായവും നൽകുക, മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക നൽകുക, പതുക്കേറ്റവർക്ക് ധനസഹായം നൽകുക, സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ഒരു മാസത്തെ മത്സ്യത്തൊഴിലാളി വിഹിതം നൽകുക, തീരദേശ മത്സ്യബന്ധന മേഖലയിൽ നൽകിയിട്ടുള്ള വായ്പകളുടെ തിരിച്ചടവ് ആറു മാസത്തേയ്ക്ക് നീട്ടിവയ്ക്കുക എന്നിവയാണ് അടിയന്തിരാശ്വാസമായി അനുവദിച്ചിട്ടുള്ളത്.

(ബി) മത്സ്യഫെഡുവഴി 22-1-2005 മുതൽ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് പകരമായി വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. 24-1-2005 വരെ ആലപ്പുഴ, എറണാകുളം ജില്ലകളിൽ 37 ഗ്രൂപ്പുകളിലായി 100 ഗുണഭോക്താക്കൾക്ക് മത്സ്യബന്ധനോപകരണങ്ങൾ വിതരണം ചെയ്തു.

സുനാമിക്കുശേഷം മത്സ്യബന്ധന-വിൽപ്പന രംഗത്തുള്ള പ്രതിസന്ധി

101 [288] ശ്രീ. ബിനോയ് വിശ്വം:

" മാങ്കോട് രാധാകൃഷ്ണൻ:

" പി. എസ്. സുപാൽ:

" പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിനുശേഷം മത്സ്യബന്ധന-വിൽപ്പന രംഗത്തുണ്ടായിരിക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യബന്ധനത്തിനു പോകാൻ കഴിയാതിരിക്കുന്നതുമൂലം തീരപ്രദേശത്തുണ്ടായിരിക്കുന്ന പട്ടിണിയും വറുതിയും ഇല്ലാതാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പിടിച്ചെടുക്കുന്ന മത്സ്യം വിറ്റഴിക്കാൻ കഴിയാത്ത സ്ഥിതി വിശേഷം നിലനിൽക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ 'കടൽമത്സ്യ' ഉപയോഗത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) മത്സ്യബന്ധന-വിൽപ്പന രംഗത്തുള്ളവരെ മുഴുവനും ഈ കാലയളവിൽ സംരക്ഷിക്കുന്നതിന് എടുത്ത നടപടികൾ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യബന്ധനത്തിനു പോകാൻ കഴിയാതിരിക്കുന്നതിനാൽ തീരദേശത്തുണ്ടായിരിക്കുന്ന പട്ടിണിയും വറുതിയും മാറ്റുന്നതിന് ആദ്യം ഒരു മാസത്തെ സൗജന്യ റേഷൻ അനുവദിക്കുകയും വീണ്ടും ഒരു മാസത്തേയ്ക്കു കൂടി നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യബന്ധനം പുനരാരംഭിക്കുന്നതിനുവേണ്ട മത്സ്യബന്ധനോപകരണങ്ങൾ നൽകുന്നതിന് 13.85 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിക്കുകയും 22-1-2005 മുതൽ ആലപ്പുഴ, എറണാകുളം, കൊല്ലം ജില്ലകളിൽ മത്സ്യബന്ധനോപകരണങ്ങൾ വിതരണം ചെയ്തു തുടങ്ങിയിട്ടുമുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പരുക്കേറ്റവർക്കും മരിച്ചവരുടെ ആശ്രിതർക്കും അർഹതപ്പെട്ട ധനസഹായവും നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടൽമത്സ്യ ഉപയോഗത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് സംസ്ഥാന സർക്കാർ, ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കേന്ദ്ര മത്സ്യ ഗവേഷണ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞന്മാരുമായി ചർച്ച നടത്തുകയും പത്രസമ്മേളനം നടത്തി, വാർത്താമാദ്ധ്യമങ്ങൾ ഈ വിഷയത്തെപ്പറ്റി വിശദീകരിച്ചുകൊടുക്കുകയും ഈ വിഷയത്തിൽ ഏതെങ്കിലും തരത്തിലുള്ള ഭയാശങ്കകൾക്ക് വകയില്ല എന്ന വിവരം അറിയിക്കുകയും എല്ലാ വാർത്താ മാദ്ധ്യമങ്ങളും ഈ കാര്യം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

(ഡി) മത്സ്യബന്ധന-വിൽപ്പന രംഗത്തുള്ളവരെ മുഴുവനും സംരക്ഷിക്കുന്നതിനും വിൽപ്പനരംഗത്തെ മാന്ദ്യം പരിഹരിക്കുന്നതിനുമായി ജനങ്ങളുടെയിടയിൽ വേണ്ട ബോധവൽക്കരണം നടത്തുകയും, മത്സ്യബന്ധനം പുനരാരംഭിക്കുന്നതിന് മത്സ്യബന്ധനോപകരണങ്ങൾ വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു.

## മത്സ്യസമ്പത്തിൽ വന്ന കുറവ് സംബന്ധിച്ച് ശാസ്ത്രീയ പഠനം

102 [289] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിനുശേഷം കേരളത്തിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന മത്സ്യസമ്പത്തിൽ കുറവ് വന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതിനെക്കുറിച്ച് സർക്കാർ ഏതെങ്കിലും തരത്തിലുള്ള ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ ശാസ്ത്രീയമായ പഠനം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?



LIBRARY ARCHIVES Kerala Legislative Assembly